**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 108** **22-02-2022 - ൽ മറുപടിയ്ക്ക്**

**നിയമവിരുദ്ധ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | എല്ലാവിധ നിയമങ്ങളും ലംഘിച്ച് ഇതര സംസ്ഥാന രജിസ്ട്രേഷനുള്ളതും അല്ലാത്തവയുമായ അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളും വട്ടിപ്പലിശാ സംഘങ്ങൾ, മറ്റിതര പണപ്പിരിവു സംഘങ്ങൾ എന്നിവ സംസ്ഥാനത്ത് നടത്തുന്ന നിയമവിരുദ്ധ പ്രവർത്തനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ , വിശദാംശം ലഭ്യമാക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം സംഭവങ്ങളുമായി ബന്ധപ്പെട്ട് കഴിഞ്ഞ 2 വർഷ കാലയളവിൽ 333 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) | ഇത് തടയുവാനും ചതിയിൽപ്പെടാതെയിരിക്കാൻ ജനങ്ങളെ ബോധവൽക്കരിക്കാനും എന്ത് നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ ; | (ബി) | അനധികൃത സ്ഥാപനങ്ങൾ നടത്തുന്ന ഓൺലൈൻ തട്ടിപ്പുകളടക്കമുള്ള സാമ്പത്തിക ചൂഷണങ്ങൾ ഫലപ്രദമായി തടയുന്നതിന് , എങ്ങനെയാണ് ഇത്തരം ചതിക്കുഴികളിൽ ഇരകളെ വീഴ്ത്തുന്നതെന്ന് വിശദീകരിച്ചുകൊണ്ട് പോസ്റ്ററുകളും ഷോർട്ട് ഫിലിമുകളും അനിമേഷൻ വീഡിയോകളും തയ്യാറാക്കി പൊതുജനങ്ങളെ ബോധവൽകരിച്ചുവരുന്നു. ലോകത്ത് ഏറ്റവും അധികം പേർ പിന്തുടരുന്ന കേരളാ പോലീസിന്റെ ഫേസ് ബുക്ക് പേജ് വഴിയും സോഷ്യൽ മീഡിയ പ്ലാറ്റ്ഫോം വഴിയും പ്രചാരണം നടത്തുന്നുണ്ട്. അതോടൊപ്പം സ്റ്റേറ്റ് പോലീസ് മീഡിയ സെന്റർ " സൂക്ഷിക്കണം e കാലം" ' ചെറിയ ഒരു വലിയ കാര്യം ' എന്നിങ്ങനെ ഓൺലൈൻ തട്ടിപ്പുകൾക്കെതിരെ ക്യാമ്പയിനുകളടക്കം നടത്തിവരുന്നു. ഇത് സമൂഹത്തിൽ മാറ്റമുണ്ടാക്കുന്നുവെന്നുള്ളത് പങ്കുവെയ്ക്കുന്ന അഭിപ്രായങ്ങളിൽ നിന്നും വ്യക്തമാണ്. കേരളാ പോലീസ് സൈബർ ഡോമും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയും, സംയുക്തമായി വിവിധ ബാങ്കുകൾ, മൊബൈൽ വാലറ്റുകൾ പേയ്മെന്റ് ഗേറ്റ് വേ , ഇ-കോമേഴ്സ് വെബ്സൈറ്റുകൾ എന്നിവയുടെ നോഡൽ ഓഫീസർമാരെയും സൈബർ സെല്ലുകൾ, , സൈബർ പോലീസ് സ്റ്റേഷൻ, ഹൈ-ടെക് സെൽ എന്നിവരെ ഉൾപ്പെടുത്തി ഓൺലൈൻ ബാങ്കിംഗ് രംഗത്തെ തട്ടിപ്പുകൾ ഫലപ്രദമായി തടയുന്നതിന് ഒരു സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജ്യറിന്റെ |

| | | | |
|---|---|---|---|
| | | | അടിസ്ഥാനത്തിൽ ഒരു സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഈ സംവിധാനത്തിന്റെ ഇടപെടൽ വഴി തട്ടിപ്പിനിരയായ നിരവധി പേരുടെ പണം വീണ്ടെടുക്കാൻ സാധിച്ചിട്ടുണ്ട്. അതോടൊപ്പം ഗുരുതര സ്വഭാവമുള്ള സാമ്പത്തിക കുറ്റകൃത്യങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിന് പ്രത്യേക സാമ്പത്തിക കുറ്റാന്വേഷണവിഭാഗം സർക്കാരിന്റെ പരിഗണനയിലാണ്. ഐ.ജി.പിയുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും പ്രാപ്യമാകുന്ന നിലയിൽ ഇത് നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത് |
| (സി) | കഴിഞ്ഞ രണ്ടു വർഷങ്ങളിലായി ഓരോ വർഷവും ഇത് സംബന്ധമായി എത്ര പരാതികൾ ലഭ്യമായെന്നും എന്ത് നടപടികൾ സ്വീകരിച്ചുവെന്നും എത്ര സ്ഥാപനങ്ങളുടെ പേരിൽ നടപടികൾ സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ; | (സി) | വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു |
| (ഡി) | ഇത്തരം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുവാൻ നിയമനിർമ്മാണത്തിന്റെ ആവശ്യകത പരിഗണിക്കുമോ ? | (ഡി) | വിവരസാങ്കേതികവിദ്യയുമായി ബന്ധപ്പെട്ട വിഷയമായതിനാൽ ഇത് സംബന്ധിച്ച് നിയമനിർമ്മാണങ്ങളോ ചട്ടങ്ങളോ ആവശ്യമുള്ളപക്ഷം ആയത് രൂപീകരിക്കുന്നത് കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെടുന്ന വിഷയമാണ്. |

സെക്ഷൻ ഓഫീസർ

അനുബന്ധം.

## അനുബന്ധം

| വർഷം | ലഭിച്ച പരാതികളുടെ എണ്ണം | പ്രസ്തുത പരാതികളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. | പ്രതികളുടെ എണ്ണം | അറസ്റ്റ് ചെയ്തവരുടെ എണ്ണം | നടപടി സ്വീകരിച്ച സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|---|---|---|
| 2020 | 135 | 109 | 275 | 143 | 13 |
| 2021 | 288 | 176 | 190 | 109 | 10 |
| 2022 (ഫെബ്രുവരി 14 വരെ) | 79 | 30 | 200 | 1 | 1 |

സെക്ഷൻ ഓഫീസർ